**ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**ഹാജർ : ആസിഫ് കെ. യൂസഫ് ഐ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഓൺലൈൻ പൊതുസ്ഥലംമാറ്റം 2024 നടപ്പിലാക്കുന്നത് - ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പൊതുസ്ഥലംമാറ്റ കരട് സംബന്ധിച്ച പരാതികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/2031/2024-E1 തിരുവനന്തപുരം,തീയതി: 19-07-2024

പരാമർശം:- 1. സ. ഉ. (പി) നം. 3/2017/ഉഭപവ., തീയതി: 25.02.2017.

2. സ.ഉ. (കൈ) നം. 22/2022/ഉഭപവ., തീയതി: 26.09.2022.

3 . ഈ ഓഫീസിൽ നിന്നുള്ള 15.03.2024 ലെ 14/2024 (എ) നമ്പർ സർക്കുലർ (DDDKER/216/2024-A1)

4. വിവിധ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കത്തുകൾ.

5. ഈ ഓഫീസിൽ നിന്നുള്ള 07.06.2024 ലെ മേൽനമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (3) ലെ സർക്കുലർ പ്രകാരം ഈ വകുപ്പിലെ വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥർ പൊതുസ്ഥലംമാറ്റത്തിനായി സ്പാർക്ക് മുഖാന്തിരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ മേൽപരാമർശം (5) പ്രകാരം ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തികയിലെ 2024 ലെ പൊതുസ്ഥലംമാറ്റ കരട് പട്ടിക പ്രസിദ്ധീകരിച്ച് താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് സംബന്ധിച്ച ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിന് 2024 ജൂൺ 14 വരെ സമയം അനുവദിക്കുകയും പ്രസ്തുത സമയപരിധിയ്ക്കുള്ളിൽ ആയത് സംബന്ധിച്ച് മേൽപരാമർശം (4) പ്രകാരം 10 ആക്ഷേപങ്ങൾ ലഭിക്കുകയും ചെയ്തു. പ്രസ്തുത ആക്ഷേപങ്ങൾ വിശദ പരിശോധനകൾക്ക് വിധേയമാക്കി താഴെപ്പറയും വിധം തീർപ്പ് കല്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഡെയറി ഫാം ഇൻസ്ട്രക്ടറുടെ പേര്, നിലവിലെ ക്ഷീരവികസന യൂണിറ്റ് കാര്യാലയം, ജില്ല | ആക്ഷേപം/ പരാതിയുടെ സംഗ്രഹം | ആക്ഷേപം/ പരാതി സംബന്ധിച്ച തീരുമാനം | ആക്ഷേപം പരിഗണിക്കുകയോ, നിരസിക്കുകയോ ചെയ്യതിനുള്ള കാരണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ. വിനോദ് ആർ.എസ്., വർക്കല, തിരുവനന്തപുരം | വർക്കല യൂണിറ്റിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മുമ്പ് വയനാട് കൽപ്പറ്റ യൂണിറ്റിൽ 1 വർഷവും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി യൂണിറ്റിൽ 3 വർഷവും കൊല്ലം ജില്ലയിലെ ചാത്തന്നൂർ യൂണിറ്റിൽ 4 വർഷവും ജോലിചെയ്തിട്ടുണ്ട്. പ്രായമായ മാതാവ് വാർദ്ധക്യസഹജമായ അസുഖങ്ങളാൽ കിടപ്പിലാണ്. അമ്മയുടെ സംരക്ഷണച്ചുമതല പരിഗണിച്ച് പൊതുസ്ഥലംമാറ്റത്തിൽ നിന്നും ഒഴിവാക്കണമെന്ന് അപേക്ഷിച്ചിരുന്നു. | അപേക്ഷ നിരസിച്ചു | വർക്കല ക്ഷീരവികസന യൂണിറ്റിലെ ഡി.എഫ്.ഐ. തസ്തികയിൽ ശ്രീ. വിനോദ് ആർ.എസ്. 3 വർഷ സേവനകാലയളവ് പൂർത്തിയാക്കിയ സാഹചര്യത്തിൽ റീപ്ലേസ്മെന്റ് വേക്കൻസി ആണ്. ആയതിനാലാണ് അപേക്ഷ നിരസിച്ചത്.<br><br>എന്നാൽ, ടി കാര്യാലയത്തിലേക്ക് സ്ഥലംമാറ്റം ലഭിച്ച ശ്രീ. ശ്രീജിത്ത് എസ്. സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി 25.02.2017 ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം നിലവിലെ കാര്യാലയത്തിൽ 28.02.2024 പ്രാബല്യത്തിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടില്ലാ-ത്തതിനാൽ ടിയാന് സ്ഥലംമാറ്റം നൽകേണ്ടതില്ലാത്ത സാഹചര്യത്തിൽ ശ്രീ. വിനോദ് ആർ.എസ്.-നെ വർക്കല ക്ഷീരവികസന യൂണിറ്റിൽ തുടരുവാൻ അനുമതി നൽകുവാൻ തീരുമാനിച്ചു. |
| | | കൊല്ലം ജില്ലയിലെ നടുവിലാഞ്ചേരി, വെട്ടിക്കവല | | ശ്രീ. അരുൺകുമാർ എൻ. നിലവിലെ ഓഫീസിൽ ഡി.എഫ്.ഐ. ആയി |

| | | | | |
|---|---|---|---|---|
| 2 | ശ്രീ. അരുൺകുമാർ എൻ., മല്ലപ്പള്ളി, പത്തനംതിട്ട | ഉൾപ്പെടെ 6 യൂണിറ്റുകളിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിരുന്നു. ടി യൂണിറ്റുകൾ റീപ്ളേസ്മെന്റ് വേക്കൻസി ആയി കാണിച്ചിരുന്നുവെങ്കിലും മറ്റാരെയും ഈ യൂണിറ്റുകളിലേക്ക് പരിഗണിക്കപ്പെട്ടിട്ടില്ല. മാതാവിന്റെ ചികിൽസാർത്ഥം കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | അപേക്ഷ നിരസിച്ചു | 31/12/22 നാണ് ജോലിയിൽ പ്രവേശിച്ചിരിക്കുന്നത്. സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി 25.02.2017 ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം നിലവിലെ കാര്യാലയത്തിൽ 28.02.2024 പ്രാബല്യത്തിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടില്ലാ-ത്തതിനാൽ ടിയാന് സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| 3 | ശ്രീമതി. കലാരഞ്ജിനി പി., ശാസ്താംകോട്ട, കൊല്ലം | കൊല്ലം ജില്ലയിലെ ഓച്ചിറ ക്ഷീരവികസന യൂണിറ്റിലേക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചുവെങ്കിലും സ്ഥലംമാറ്റം ലഭിച്ചത് തിരുവല്ല യൂണിറ്റിലേക്കാണ്. നിലവിൽ ഓച്ചിറ ക്ഷീരവികസന യൂണിറ്റിൽ ഒരു ഡെയറി ഫാം ഇൻസ്ട്രക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ ടി കാര്യാലയത്തിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.ടിയാളുടെ ഭർത്താവ് എയർഫോഴ്സിൽ സേവനമനുഷ്ഠിക്കുന്നതിന്റെ സർട്ടിഫിക്കറ്റ് പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. | അപേക്ഷ പരിഗണിച്ചു | പൊതുസ്ഥലംമാറ്റ അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ ഓച്ചിറ ക്ഷീരവികസന യൂണിറ്റിൽ ഡി.എഫ്.ഐ. തസ്തിക റീപ്ളേസ്മെന്റ് വേക്കൻസി അല്ലായിരുന്നു. എന്നാൽ ടി കാര്യാലയത്തിലെ |

| | | | | |
|---|---|---|---|---|
| | | | | ഡി.എഫ്.ഐ. ആയിരുന്ന ശ്രീമതി. സംഗീത ജി. ക്ഷീരവികസന ഓഫീസറായി ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ച് വിടുതൽ ചെയ്യപ്പെട്ട സാഹചര്യത്തിൽ നിലവിൽ ഓച്ചിറ യൂണിറ്റിൽ ഒഴിവുണ്ട്. ടി ഒഴിവിൽ അപേക്ഷകരിൽ നിലവിലെ സീനിയറായ ശ്രീമതി. കലാരഞ്ജിനി പി.യ്ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നു. |
| 4 | ശ്രീമതി. പത്മജാദേവി ആർ., ശാസ്താംകോട്ട, കൊല്ലം | താമസസ്ഥലത്തിൽ നിന്നും 15 കിലോമീറ്ററിൽ കൂടുതലുള്ള കരുനാഗപ്പള്ളി, ചവറ യൂണിറ്റുകളുടെ ദൂരം 15 കിലോമീറ്ററിൽ താഴെയായി സ്പാർക്കിൽ രേഖപ്പെടുത്തിയിരുന്നതിനാൽ ടി കാര്യാലയങ്ങളിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷ നൽകാത്തതെന്നും പട്ടണക്കാട് യൂണിറ്റിന് പകരം മാവേലിക്കര യൂണിറ്റിലേക്ക് | അപേക്ഷ പരിഗണിച്ചു | താൽക്കാലിക പൊതുസ്ഥലംമാറ്റ ഉത്തരവ് പ്രകാരം ക്രമ നം. 29 ശ്രീ. ബിനുമോൻ എം. ന് ശാസ്താംകോട്ട ക്ഷീരവികസന യൂണിറ്റിലേക്ക് നൽകപ്പെട്ട സ്ഥലംമാറ്റം റദ്ദുചെയ്യുന്ന |

| | | | | |
|---|---|---|---|---|
| | | സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | | സാഹചര്യത്തിൽ ശ്രീമതി. പത്മജാദേവി ആർ.നെ ശാസ്താംകോട്ട ക്ഷീരവികസന യൂണിറ്റിൽ തന്നെ തുടരുവാൻ അനുമതി നൽകുവാൻ തീരുമാനിച്ചു. |
| 5 | ശ്രീമതി. ഷീന എസ്.എൻ., കാസർഗോഡ് യൂണിറ്റ്, കാസർഗോഡ് | പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ച ശേഷം കാസർഗോഡ് യൂണിറ്റിന് സമീപം, കുട്ടിയുടെ പരിചരണാർത്ഥം വീട് വാടകയ്ക്ക് എടുത്തു. ആയതിനാൽ കാറഡുക്ക യൂണിറ്റിലേക്ക് നൽകിയ സ്ഥലംമാറ്റം റദ്ദുചെയ്യണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | അപേക്ഷ നിരസിച്ചു | ടിയാളുടെ അപേക്ഷ പരിഗണിച്ചാണ് പ്രഥമ പരിഗണന ആവശ്യപ്പെട്ട ക്ഷീരവികസന യൂണിറ്റിൽ തന്നെ സ്പാർക്ക് മുഖേന സ്ഥലംമാറ്റം നൽകപ്പെട്ടത്. ആയതിനാലാണ് അപേക്ഷ നിരസിക്കപ്പെട്ടത്.<br><br>എന്നാൽ, സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി 25.02.2017 ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം നിലവിലെ കാര്യാലയത്തിൽ 28.02.2024 പ്രാബല്യത്തിൽ ശ്രീമതി. ഷീന എസ്.എൻ. 3 വർഷ സേവനം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ടിയാൾക്ക് സ്ഥലംമാറ്റം നൽകേണ്ടതില്ലാത്ത സാഹചര്യത്തിൽ കാസർഗോഡ് ക്ഷീരവികസന യൂണിറ്റിൽ തുടരുവാൻ അനുമതി നൽകുവാൻ തീരുമാനിച്ചു. |

| | | | | |
|---|---|---|---|---|
| 6 | ശ്രീമതി. സൗമ്യ പി.കെ., റൂറൽ, തിരുവനന്തപുരം | ടിയാൾ നിലവിലെ കാര്യാലയത്തിൽ 03.08.2021 മുതലാണ് ജോലി ചെയ്തുവരുന്നതെന്നും ആയതിനാൽ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും എന്നാൽ നിലവിലെ കരട് ഉത്തരവിൽ ടിയാളെ ആലപ്പുഴ ജില്ലയിലെ വെളിയനാട് യൂണിറ്റിലേക്ക് സ്ഥലംമാറ്റിയിരിക്കുന്നതിനാൽ ടി സ്ഥലംമാറ്റം റദ്ദുചെയ്യണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | അപേക്ഷ നിരസിച്ചു | തിരുവനന്തപുരം റൂറൽ ക്ഷീരവികസന യൂണിറ്റിലെ ഡി.എഫ്.ഐ. തസ്തിക റീപ്ളേസ്മെന്റ് വേക്കൻസി ആണ് (3 വർഷം കഴിഞ്ഞതിനാൽ). അത് വിജ്ഞാപനത്തിൽ കാണിച്ചിരുന്നു. ഈ ഓഫീസിലെ ഡി.എഫ്.ഐ. തസ്തികയിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനായി 10 പേർ അപേക്ഷിച്ചിരുന്നു. അതിൽ മുൻഗണന പട്ടികയിലെ സീനിയറായ ശ്രീ. പ്രസന്നകുമാർ പി.യ്ക്ക് സ്ഥലംമാറ്റം കിട്ടിയത്. റീപ്ളേസ് ആയ ഡി.എഫ്.ഐ. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്ത-തിനാലും സ്പാർക്ക് പ്രകാരം ടിയാൾ നിലവിലെ സ്റ്റേഷനിൽ 06.02.2020-ന് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതിനാലുമാണ് ആലപ്പുഴ ജില്ലയിലെ വെളിയനാട് ക്ഷീരവികസന യൂണിറ്റിലേക്ക് മാറ്റപ്പെട്ടത്. |
| | | തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, തിരുവനന്തപുരം റൂറൽ, അതിയന്നൂർ എന്നീ യൂണിറ്റുകളിൽ ഒന്നിലേക്ക് പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നു. | | ശ്രീമതി അമൃത എസ്. മുൻഗണന പട്ടികയിൽ റാങ്ക് 33 ആണ്. ടിയാൾ നിലവിലെ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ച് കാണുന്നത് 19.04.2021-നാണ്. |

| | | | | |
|---|---|---|---|---|
| 7 | ശ്രീമതി. അമൃത എസ്., ഓച്ചിറ, കൊല്ലം | എന്നാൽ ടിയാൾക്ക് സ്ഥലംമാറ്റം ലഭിച്ചില്ല എന്ന് അറിയിച്ചിരിക്കുന്നു. കൈക്കുഞ്ഞ് ഉള്ളതായും വാർദ്ധക്യസഹജമായ അസുഖങ്ങളുള്ള മാതാപിതാക്കളുടെ പരിചരണാർത്ഥം ടിയാളുടെ സാന്നിദ്ധ്യം ഉണ്ടാകേണ്ട സാഹചര്യത്തിൽ ടിയാളുടെ സ്ഥലംമാറ്റ അപേക്ഷ പരിഗണിക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | അപേക്ഷ നിരസിച്ചു | സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി 25.02.2017 ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം നിലവിലെ കാര്യാലയത്തിൽ 28.02.2024 പ്രാബല്യത്തിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടില്ലാ-ത്തതിനാൽ ടിയാൾക്ക് സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| 8 | ശ്രീമതി. പ്രീത എസ്., അടൂർ, പത്തനംതിട്ട | ഭർത്താവ് തീവ്ര ഹീമോഫീലിയ രോഗിയാണെന്നും ടിയാളുടെ സാമീപ്യവും ശുശ്രൂക്ഷയും അദ്ദേഹത്തിന് ആവശ്യമാണെന്നും ഓൺലൈൻ അപേക്ഷ സമർപ്പിച്ചപ്പോൾ ഭർത്താവിന്റെ രോഗവിവരം അറിയിക്കുന്നതിനുള്ള ഓപ്ഷൻ ലഭ്യമായിരുന്നില്ലായെന്നും ടിയാൾക്ക് 4 യൂണിറ്റുകളിലേക്ക് മാത്രമേ ഓപ്ഷൻ കൊടുക്കുവാൻ കഴിഞ്ഞുള്ളൂ എന്നും ടിയാളുടെ സ്റ്റേഷൻ സീനിയോറിറ്റി പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. | അപേക്ഷ നിരസിച്ചു | ശ്രീമതി. പ്രീത എസ്. മുൻഗണനാ പട്ടികയിൽ റാങ്ക് 39 ആണ്. ടിയാൾ നിലവിലെ ഓഫീസിൽ 06/09/2021-നാണ് ജോലിയിൽ പ്രവേശിച്ചത്.<br><br>സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി 25.02.2017 ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം നിലവിലെ കാര്യാലയത്തിൽ 28.02.2024 പ്രാബല്യത്തിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടില്ലാ-ത്തതിനാൽ ടിയാൾക്ക് സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| | | തിരുവനന്തപുരം സ്വദേശിയായ ടിയാൾ കഴിഞ്ഞ 4 വർഷമായി | | ടിയാൾ നിലവിലെ സ്റ്റേഷനിൽ ജോലിയിൽ പ്രവേശിച്ചത് 19.04.2021- |

| | | | | |
|---|---|---|---|---|
| 9 | ശ്രീമതി. പ്രിനീത വി.കെ., വാഴക്കുളം, തൃശ്ശൂർ | തിരുവനന്തപുരം ജില്ലയുടെ പുറത്താണ് ജോലി ചെയ്യുന്നതെന്നും പാറശ്ശാല, അതിയന്നൂർ, പെരുങ്കടവിള, ചിറയിൻകീഴ് യൂണിറ്റുകളിലേക്ക് പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിരുന്നുവെങ്കിലും ലഭിച്ചിട്ടില്ല എന്നും ആയതിനാൽ ടിയാൾക്ക് തിരുവനനന്തപുരം ജില്ലയിലെ ഒരു യൂണിറ്റിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. | അപേക്ഷ നിരസിച്ചു | നാണ്. സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി 25.02.2017 ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം നിലവിലെ കാര്യാലയത്തിൽ 28.02.2024 പ്രാബല്യത്തിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടില്ലാ-ത്തതിനാൽ ടിയാൾക്ക് സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| 10 | ശ്രീമതി. ആശ സി.പി., ആലത്തൂർ, പാലക്കാട് | കൊല്ലം ജില്ലയിലേക്ക് പൊതു സ്ഥലംമാറ്റത്തിനായി അപേക്ഷിച്ചിരുന്നു. ടിയാളുടെ ഏകമകൻ 2014-ൽ ഹൃദയസംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയമായിട്ടുള്ളതാ-ണെന്നും ആയതിനാൽ മാതാവിന്റെ പരിചരണം ആവശ്യമാണെന്നും സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി: 25.02.2017 ലെ അനുകമ്പാർഹമായ കാരണങ്ങളിലെ ഖണ്ഡിക (iii) പ്രകാരം സ്ഥലംമാറ്റത്തിന് പരിഗണിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. ടിയാളുടെ ഭർതൃമാതാവ് | അപേക്ഷ നിരസിച്ചു | ശ്രീമതി. ആശ C.P. നിലവിലെ കാര്യാലയത്തിൽ 04/07/2022-നാണ് ജോലിയിൽ പ്രവേശിച്ചത്. സ.ഉ. (പി) നം. 3/2017/ഉഭപവ., തീയതി 25.02.2017 ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം നിലവിലെ കാര്യാലയത്തിൽ 28.02.2024 പ്രാബല്യത്തിൽ 3 വർഷ സേവനം പൂർത്തിയാക്കിയിട്ടില്ലാ- |

| | | | | | |
|---|---|---|---|---|---|
| | | ക്യാൻസർ രോഗബാധിതയായി ടിയാന്റെ സംരക്ഷണത്തിൽ ചികിൽസയിൽ തുടരുകയാണെന്നും മെഡിക്കൽ രേഖകളുടെ പകർപ്പുകളും സമർപ്പിച്ചിരിക്കുന്നു. | | ത്തതിനാൽ ടിയാൾക്ക് സ്ഥലംമാറ്റം നൽകേണ്ടതില്ല എന്ന് തീരുമാനിച്ചു. |

മേൽപരാമർശം (5) പ്രകാരമുള്ള താൽക്കാലിക ഉത്തരവിലെ ക്രമ നം. 29 ആയ ശ്രീ. ബിനുമോൻ എം. ഡെയറി ഫാം ഇൻസ്ട്രക്ടർ, പനമരം ക്ഷീരവികസന യൂണിറ്റ്, വയനാട്-ന് കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ക്ഷീരവികസന യൂണിറ്റിലേക്ക് നൽകിയിരുന്ന സ്ഥലംമാറ്റം, ടിയാനെതിരെ കൊല്ലം ജില്ല ഉൾപ്പെടെ പല ജില്ലകളിലും അച്ചടക്ക നടപടികൾ തുടർന്നുവരുന്ന സാഹചര്യത്തിൽ, കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നത് സാക്ഷികളെ സ്വാധീനിക്കുവാനും ആയത് തുടർഅന്വേഷണത്തെ പ്രതികൂലമായി ബാധിക്കുവാൻ ഇടയുള്ളതായി കാണുന്നതിനാലും നിലവിലെ കാര്യാലയത്തിൽ ടിയാന് 3 വർഷം കഴിഞ്ഞിട്ടില്ലാത്തതിനാലും ടിയാന് നിലവിൽ കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മേൽപരാമർശം (5) പ്രകാരമുള്ള താൽക്കാലിക ഉത്തരവിലെ ക്രമ നം. 31 ആയ ശ്രീമതി. അശ്വതി കെ.റ്റി., ഡെയറി ഫാം ഇൻസ്ട്രക്ടർ, കണ്ണൂർ ക്ഷീരവികസന യൂണിറ്റ്-ന് ക്ഷീരവികസന ഓഫീസറായി ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ച സാഹചര്യത്തിൽ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ നിന്നും ടിയാളെയും ഒഴിവാക്കിയിട്ടുണ്ട്. പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക 1 ഉപഖണ്ഡിക (ii) പ്രകാരം ഓരോ വർഷവും ഫെബ്രുവരി 28-ന് മൂന്ന് വർഷം തികയുന്ന ജീവനക്കാരുടെ (ഒരു സ്റ്റേഷനിൽ) അപേക്ഷ മാത്രമേ പരിഗണിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത്തരത്തിൽ 2024 ഫെബ്രുവരി 28-ന് 3 വർഷ സേവനകാലയളവ് ഒരു സ്റ്റേഷനിൽ പൂർത്തിയാക്കാത്തവരെ ഒഴിവാക്കിയിട്ടുമുണ്ട്.

**ഡയറക്ടർ**

Signed by
Asif K Yusuf
Date: 19-07-2024 18:11:37

To:- ബന്ധപ്പെട്ട ഡെയറി ഫാം ഇൻസ്ട്രക്ടർമാർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (14 ജില്ലാ കാര്യാലയങ്ങൾ)

2) പ്രിൻസിപ്പാൾമാർ (എല്ലാ ക്ഷീരപരിശീലന കേന്ദ്രങ്ങൾക്കും)

3) ബന്ധപ്പെട്ട ക്ഷീരവികസന ഓഫീസർമാർക്ക് (ഡി.ഡി. മുഖേന)

4) ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

5) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)

6) ഡെപ്യൂട്ടി ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്, എക്സ്റ്റൻഷൻ, ഐ.ടി. സെൽ)

7) ഡെപ്യൂട്ടി ഡയറക്ടർ, റീജിയണൽ ലാബ്, കാസർഗോഡ്.

8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

9) അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ ലാബ്, കോട്ടയം

10) ഫാം ഹെഡ്സ്, സ്റ്റേറ്റ് ഫോഡർ ഫാം, വലിയതുറ, തിരുവനന്തപുരം.

11) എ., ഇ., ഇ.എസ്. സെക്ഷൻ സീനിയർ സൂപ്രണ്ടുമാർ.

12) ഡെയറി ഫാം ഇൻസ്ട്രക്ടർ, ഐ.ടി. സെൽ (വെബ്-സൈറ്റിൽ ഉത്തരവ് കൂട്ടിച്ചേർക്കുന്നതിന്)

13) നോട്ടീസ് ബോർഡ്.

14) സഞ്ചയം.

15) ശേഖരസഞ്ചയം.